പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *509 23. 07. 2015 ൽ മറുപടിക്ക്

വൈദ്യുതി നിയമ ഭേദഗതി ബിൽ

ചോദ്യം

പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
" പി. ശ്രീരാമകൃഷ്ണൻ
" എ.കെ.ബാലൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി നിയമം 2003 ഭേദഗതി ചെയ്യുന്നതിന് എന്തെങ്കിലും ബില്ല് പാർലമെന്റിന്റെ പരിഗണന യിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. ഇലക്ട്രിസിറ്റി ആക്ട്, 2003 ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ വൈദ്യുതി ഭേദഗതി കരട് ബിൽ, 2013 ഒക്ടോബർ 17 -ാം തീയതി കേന്ദ്ര ഗവൺമെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി കരട് ബിൽ അംഗീകാരത്തിനായി പാർലമെന്റിന്റെ ഇരു സഭകളിലും വച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങളിന്മേൽ വിവിധ സംസ്ഥാന ഗവൺമെന്റുകളുടെയും റെഗുലേറ്ററി കമ്മീഷനുകളുടെയും മറ്റ് തത്പര കക്ഷികളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് ഉചിതമായ മാറ്റങ്ങൾ വരുത്തുന്നതിന് ഒരു പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.<br><br>ടി കമ്മിറ്റി, സംസ്ഥാന ഗവൺമെന്റുകളുടെയും, റെഗുലേറ്ററി കമ്മീഷനുകളുടെയും മറ്റ് തത്പരകക്ഷികളുടെ-യും അഭിപ്രായങ്ങൾ സ്വീകരിച്ചതിനുശേഷം തയ്യാറാക്കിയ അന്തിമ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ, ടി കരട് ബില്ലിൻമേൽ കേന്ദ്ര സർക്കാർ ഇതുവരെ അന്തിമ തീരുമാനം പ്രഖ്യാപിച്ചിട്ടില്ല. |

| | |
|---|---|
| (ബി) പ്രസ്തുത ഭേദഗതി ബില്ലിൽ വൈദ്യുതി വിതരണ മേഖലയെ വിഭജിക്കുന്നതിന് നിർദ്ദേശമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. വൈദ്യുതി വിതരണ മേഖല വിഭജിച്ച്, വിതരണ ലൈനുകളുടെ ചുമതലയിലുള്ള വിതരണ കമ്പനിയും, വൈദ്യുതി വാങ്ങി, വിതരണ കമ്പനിയുടെ ലൈനുകളുപയോഗിച്ച് വിൽപ്പന നടത്തുന്ന സപ്ലൈ ലൈസൻസിയും, ഇവരുടെ ഇടനിലയായി പ്രവർത്തിക്കുന്ന ഇന്റർമീഡിയറി കമ്പനിയുമായിട്ടാണ് നിർദ്ദിഷ്ട കരട് ബില്ലിൽ വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) ഇത്തരത്തിലുള്ള ഒരു വിഭജനം വൈദ്യുതി ഉപഭോ-ക്താക്കളെ പ്രതികൂലമായി ബാധിക്കുമോ ; | (സി) ഇത്തരത്തിലുള്ള ഒരു വിഭജനം സംസ്ഥാന വൈദ്യുതി ബോർഡിനും ഉപഭോക്താക്കൾക്കും അഭികാമ്യമല്ല എന്നാണ് കേരള സർക്കാർ വിലയിരുത്തിയിരിക്കുന്നത്.<br><br>ടി വിഭജനം മൂലം വിതരണ ലൈസൻസികളിൽ നിന്ന് സപ്ലൈ ആക്ടിവിറ്റി മാറ്റേണ്ടതുണ്ട്. വിതരണ ലൈസൻസികളുടെ ഉത്തരവാദിത്വം വൈദ്യുതി ശൃംഖലകൾ ഉണ്ടാക്കുന്നതിലും അവയുടെ അറ്റകുറ്റ പണികൾ നടത്തുന്നതിലും മാത്രമായി മാറുന്നതാണ്. വൈദ്യുതി വാങ്ങി വിൽപ്പന നടത്തുന്നതിന് ഓരോ പ്രദേശത്തും ഒന്നിലധികം സപ്ലൈ കമ്പനികൾ നിലവിൽ വരുന്നതാണ്. സപ്ലൈ ലൈസൻസികൾക്ക് അവരുടെ വിതരണ മേഖല തിരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ ഏതെങ്കിലും വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുന്നതിന് സപ്ലൈ ലൈസൻസികൾ വരാത്ത പക്ഷം ഡിസ്ട്രിബ്യൂഷൻ ലൈസൻസികൾ തന്നെയായിരിക്കും അവരുടെ 'ഇൻകുംബന്റ് സപ്ലൈ' ലൈസൻസി.<br><br>കൂടാതെ, ടി കരട് ബിൽ പ്രാബല്യത്തിൽ വരുകയാണെങ്കിൽ, നിലവിൽ വൈദ്യുതി ബോർഡിന്റെ അധീനതയിലുള്ള ചിലവുകുറഞ്ഞ ജലവൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയും കേന്ദ്ര നിലയങ്ങളിൽ നിന്നും സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള താരതമ്യേന ചിലവു കുറഞ്ഞ വൈദ്യുതിയും, വൈദ്യുതി ബോർഡ് സംസ്ഥാനത്തിന് വേണ്ടി കരാറിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയും ഇന്റർമീഡിയറി കമ്പനിയിൽ |

| | |
|---|---|
| | നിക്ഷിപ്തമായിരിക്കും. പ്രസ്തുത ഇന്റർമീഡിയറി കമ്പനിയായിരിക്കും ടി സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി സപ്ലൈ ലൈസൻസികൾ വഴി അതാത് സ്ഥലങ്ങളിൽ വിതരണത്തിന് അനുവദിക്കുന്നത്, ഇപ്പോൾ, സംസ്ഥാനത്തുള്ള ചെലവ് കുറഞ്ഞ ജലവൈദ്യുതി പദ്ധതികളിൽ നിന്നും കേന്ദ്ര പൂളിൽ നിന്നും ലഭിക്കുന്ന വൈദ്യുതി കൊണ്ടാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കും (200 യൂണിറ്റിന് താഴെ), കാർഷിക ഉപഭോക്താക്കൾക്കും അനാഥാലയങ്ങൾക്കും, കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നത്.<br><br>എന്നാൽ, ഈ ചെലവ് കുറഞ്ഞ വൈദ്യുതി, ഇന്റർമീഡിയറി കമ്പനി വഴി സ്വകാര്യ സപ്ലൈ ലൈസൻസികൾക്ക് ലഭിക്കുന്ന പക്ഷം ടി കമ്പനിയിൽ താല്പര്യമുള്ള വൻകിട ഉപഭോക്താക്കൾക്ക് വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്നതും, നിലവിലുള്ള ക്രോസ് സബ്സിഡി ഇല്ലാതാകുന്നതുമാണ്.<br><br>കൂടാതെ, കെ.എസ്.ഇ.ബി ലിമിറ്റഡ് എന്ന 'ഇൻകുംബന്റ് സപ്ലൈ' ലൈസൻസിയ്ക്ക് ഗാർഹിക, കാർഷിക ഉപഭോക്താക്കൾക്കും അനാഥാലയങ്ങൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടാകും. ഇത് സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക പ്രതിബദ്ധതയെ പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തുന്നു.<br><br>മേൽ കാരണങ്ങളാൽ വൈദ്യുതി വിതരണ മേഖല വിഭജിക്കുന്നത് വൈദ്യുതി ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കും. |

| | |
|---|---|
| (ഡി) പ്രസ്തുത നിയമഭേദഗതിക്കുള്ള നിർദ്ദേശം വന്നത് ഏത് കാലത്താണെന്ന് വ്യക്തമാക്കുമോ ? | (ഡി) 2013 ഒക്ടോബറിലാണ് പ്രസ്തുത നിയമഭേദഗതിക്കുള്ള നിർദ്ദേശം വന്നത്. |

സെക്ഷൻ ഓഫീസർ